LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയുടെ സമഗ്ര വിനോദസഞ്ചാര വികസനം

87 [405] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയുടെ സമഗ്ര വിനോദസഞ്ചാര വികസനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിൽ തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) തൃശ്ശൂർ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെയും തീർത്ഥാടന കേന്ദ്രങ്ങളെയും സംസ്ഥാനത്തെ ഇതേ സ്വഭാവത്തിൽപ്പെട്ട മറ്റ് കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയുടെ ടൂറിസം വികസന പ്രവർത്തനങ്ങൾക്കായുള്ള മാസ്റ്റർ പ്ലാൻ കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവീസസ് ലിമിറ്റഡ് എന്ന സ്ഥാപനം തയ്യാറാക്കുന്നുണ്ട്. തൃശ്ശൂരിൽ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ സമഗ്ര ടൂറിസം വികസനം, ചേറ്റുവയിലെ ഹൗസ് ബോട്ട് ടെർമിനൽ, ഗുരുവായൂരിലെ ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടർ, അതിരപ്പിള്ളി-വാഴച്ചാൽ റോഡിന്റെ വികസനം, തൃശ്ശൂരിലെ മോഡൽ റോഡ്, പീച്ചി ടൂറിസ്റ്റ് സെന്റർ എന്നീ പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. തേക്കിൻകാട് മൈതാനത്തിന്റെ വികസനവും ആലോചനയിലുണ്ട്.

(സി) ഗുരുവായൂരിലെ ഇൻഫർമേഷൻ കൗണ്ടർ തീർത്ഥാടകർക്ക് സൗകര്യമുണ്ടാക്കാനുദ്ദേശിച്ചു കൊണ്ടുള്ളതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

കോഴിക്കോട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഹൗസ് ബോട്ടുകൾ

88 [406] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടിരിയിലുള്ള കോഴിക്കോട് ടൂറിസം പ്രൊമോഷൻ കൗൺസിൽ നടത്തിക്കൊണ്ടിരിക്കുന്ന ഹൗസ് ബോട്ടുകളിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമാണ്;

(ബി) പ്രവർത്തനക്ഷമമല്ലാത്ത ഹൗസ് ബോട്ടുകൾ എത്ര കാലമായി വെറുതെ കിടക്കുന്നു;

(സി) പ്രസ്തുത ഹൗസ് ബോട്ടുകൾ നന്നാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഹൗസ് ബോട്ടുകൾക്ക് ടൂറിസം പ്രാമോഷൻ കൗൺസിൽ മൊത്തം എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്നും എന്തു തുക വരുമാനം ലഭിച്ചിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒന്നും പ്രവർത്തനക്ഷമമല്ല.

(ബി) രണ്ട് വർഷം.

(സി) നന്നാക്കുവാൻ കഴിയാത്ത അവസ്ഥയിലായതിനാൽ അവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചെലവഴിച്ച തുക .. 23,94,514 രൂപ

വരുമാനം .. 6,60,000 ,,

7,75,122 രൂപ ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് മുൻസിഫ് കോടതിയിൽ കേസ് നടന്നുവരികയാണ്.

ബേക്കൽ ടൂറിസം പദ്ധതി

89 [407] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട ബി.ആർ.ഡി.സി.-യുടെ ആസ്ഥാനം ഇപ്പോൾ എവിടെയാണ് സ്ഥിതിചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പദ്ധതി പ്രദേശത്തേക്ക് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ബേക്കൽ ടൂറിസം പദ്ധതിയുടെ ആസ്ഥാനം ഇപ്പോൾ തിരുവനന്തപുരത്താണ് സ്ഥിതിചെയ്യുന്നത്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly